(എഫ്) അമൃത് പദ്ധതിയുടെ കീഴിൽ നഗരസഭയുടെ ഭൂവിനിയോഗ മാപ്പ് തയ്യാറാക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ടോ; മാപ്പ് തയ്യാറാക്കുന്നതിന് കേന്ദ്രസർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; പ്രസ്തുത സമയപരിധി എന്നാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കുമോ?

അമൃത് പദ്ധതിയുടെ ഒരു ഉപഘടകമായ GIS based Master Plan എല്ലാ അമൃത് നഗരങ്ങളിലും (സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ 3 മുനിസിപ്പാലിറ്റികളിലും) തയ്യാറാക്കുന്നുണ്ട്. ഭൂവിനിയോഗ മാപ്പിംഗ് ഇതിന്റെ ഒരു ഭാഗമാണ്. കരട് മാസ്റ്റർപ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 2021 മാർച്ച് 31 വരെയാണ് പദ്ധതിയുടെ സമയ പരിധി. പദ്ധതി കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഉടൻ പുറപ്പെടുവിക്കുമെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

കോവിഡ്-19 ലോക്ഡൗൺ കാലത്തെ വ്യാജ വാറ്റും മദ്യവർജ്ജനവും

157(168) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യവർജ്ജനത്തിന് ഊന്നൽ നൽകിക്കൊണ്ട് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചിട്ടുണ്ട്. 'വിമുക്തി' മിഷന്റെ ആഭിമുഖ്യത്തിൽ സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴിയും, കുടുംബശ്രീ യൂണിറ്റുകൾ, എൻ.എസ്.എസ്., എസ്.പി.സി., എൻ.സി.സി. തുടങ്ങിയ വിദ്യാർത്ഥി യുവജന സംഘടനകൾ വഴിയും മദ്യം, മയക്കുമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ തുടങ്ങിയവയുടെ ദൂഷ്യവശങ്ങളെ സംബന്ധിച്ച് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലോക പുകയില വിരുദ്ധ ദിനം, അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനം, ഗാന്ധി ജയന്തി തുടങ്ങിയ പ്രധാന ദിനങ്ങളോടനുബന്ധിച്ചും മറ്റ് അവസരങ്ങളിലും മദ്യം, മയക്കുമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ എന്നിവയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച പരസ്യം നവമാധ്യമങ്ങൾ ഉൾപ്പെടെയുള്ള വിവിധ മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചുവരുന്നു. കൂടാതെ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി പ്രസംഗ മത്സരം, പോസ്റ്റർ തയ്യാറാക്കൽ, ടോൾ ഇമേജ് തയ്യാറാക്കൽ, ക്വിസ് മത്സരം എന്നിവ സംഘടിപ്പിച്ചുവരുന്നു. മദ്യം ഉപയോഗിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി

LIBRARY ARCHIVES Kerala Legislative Assembly

23 വയസ്സായി ഉയർത്തി നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. അനധികൃത മദ്യ നിർമ്മാണത്തിന്റെയും മയക്കുമരുന്നുകൾ ഉൾപ്പെടെയുള്ളവയുടെയും അനധികൃത വില്പന തടയുന്നതിന് ആവശ്യമായ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ മദ്യവർജ്ജനം ലക്ഷ്യമിട്ട് സ്വീകരിച്ചുവരുന്നു. മദ്യവർജ്ജനം ലക്ഷ്യമിട്ട് വിവിധ തലങ്ങളിൽ സമഗ്രമായി വ്യാപകമായ പ്രചരണം ശക്തിപ്പെടുത്തിയിട്ടുണ്ട്.

(ബി) ലോക്ഡൗൺ കാലത്ത് വ്യാപകമായി വ്യാജചാരായ വാറ്റ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1112 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	ജില്ല	കേസുകളുടെ എണ്ണം
1	തിരുവനന്തപുരം	168
2	കൊല്ലം	148
3	പത്തനംതിട്ട	88
4	ആലപ്പുഴ	116
5	കോട്ടയം	70
6	ഇടുക്കി	60
7	എറണാകുളം	50
8	തൃശ്ശൂർ	57
9	പാലക്കാട്	121
10	മലപ്പുറം	68
11	കോഴിക്കോട്	111
12	വയനാട്	9
13	കണ്ണൂർ	21
14	കാസർഗോഡ്	25
	ആകെ	1112

LIBRARY ARCHIVES Kerala Legislative Assembly